# എതിർക്കപ്പെടേണ്ട ഒരു സ്ത്രീവിരുദ്ധ സിനിമ




കണ്ണെഴുതുന്നതും പൊട്ടുകുത്തുന്നതും പുരുഷനെ വശീകരിച്ച് പ്രതികാരം ചെയ്യുന്നതിനു വേണ്ടിയാണ് - ഇതാണ് രാജീവ്കുമാർ സംവിധാനം ചെയ്ത കണ്ണെഴുതി പൊട്ടുംകുത്തിയുടെ മുഖ്യപ്രമേയവും സന്ദേശവും.

മലയാള സിനിമയിൽ സ്ത്രീകഥാപാത്രങ്ങൾ എത്രതന്നെ ശക്തിയുള്ളവരായാലും കഥയുടെ രണ്ടാംപകുതിയെത്തുമ്പോഴേക്കും അവർ രംഗത്തുനിന്ന് പിന്മാറി നായകന്റെ നിഴലായി മാത്രം മാറുന്നതാണ് സ്ഥിരംപതിവ്. നായകനിൽനിന്നുള്ള ഒരു ചുംബനമോ, അടിയോ, ഒക്കെയാവും വഴിത്തിരിവ്. മഞ്ജുവാര്യരും മോഹൻലാലും തുല്യപ്രാധാന്യത്തോടെ (ആദ്യപകുതിയിൽ) അഭിനയിച്ച കന്മദം, ആറാംതമ്പുരാൻ എന്നീ സിനിമകൾ ഉദാഹരണങ്ങളാണ്. കൊഞ്ചാനും കുഴയാനും കരയാനും നായകന്റെ താളത്തിനൊത്തു തുള്ളാനുമല്ലാതെ പെണ്ണിനു ചെയ്യാൻ മറ്റൊന്നുമില്ലെന്നുമുള്ള ഇത്തരം അവതരണത്തിലൂടെ നമ്മുടെ സമൂഹത്തിന്റെ മനസുതന്നെയാണ് പ്രതിധ്വനിക്കുന്നത്.

പക്ഷേ, ഈ സിനിമയിൽ നായിക ആദ്യന്തം നിറഞ്ഞുനിന്ന് ഒരു സാധാരണ മലയാളസിനിമയിലെ നായിക വേഷത്തിനൊത്ത എല്ലാം, അതായത് കാമുകന്റെ സഹായം നിഷേധിച്ച് അവനെ കാത്തിരിക്കാനും പാട്ടുസീനിലഭിനയിക്കാനും മാത്രമായി ഒതുക്കി, തന്റെ ലക്ഷ്യങ്ങളൊക്കെ രഹസ്യമാക്കിവച്ച്, അച്ഛനമ്മമാരുടെ മരണത്തിന് കാരണക്കാരായവരോട് പ്രതികാരം വീട്ടുക. ഇതെല്ലാം ചെയ്യുന്നുണ്ട്.

ഇത് ഒരു പുതുമതന്നെ. പെണ്ണുങ്ങൾക്ക് സ്ഥിരമായ ഭാവങ്ങളും വാക്കുകളും സൃഷ്ടിച്ചിട്ടുള്ള പൊതുവായ പ്രവണതയ്ക്ക് ഈ സിനിമ ഒരപവാദമാണെന്ന് പറയുമ്പോൾ തെറ്റിദ്ധരിക്കരുത്. ഇതൊരു സ്ത്രീപക്ഷത്ത് നിൽക്കുന്ന സിനിമയല്ല. തികച്ചും സ്ത്രീവിരുദ്ധമാണുതാനും.

തിലകന്റെ കൃഷിയിടങ്ങളിൽ കൊയ്യാൻ പണിക്കാരികൾ വരുന്നതോടെയാണ് കഥയാരംഭിക്കുന്നത്. അതിലൊരുവളാണ് ഭദ്രയെന്ന മഞ്ജുവാര്യർ. തന്റെ അച്ഛനമ്മമാരുടെ മരണത്തിന് കാരണമായ തിലകനോടും അച്ഛന്റെ സുഹൃത്ത് ചാക്കോച്ചിയെ കൊലപ്പെടുത്തിയ തിലകന്റെ മകനോടും അവൾക്കു പകരംവീട്ടാനുണ്ട്. സിനിമ തുടങ്ങുമ്പോൾതന്നെ ഇതെല്ലാം സംവിധായകൻ നമുക്ക് മനസിലാക്കിത്തരുന്നതുകൊണ്ട് കഥാന്ത്യത്തെക്കുറിച്ച് യാതൊരു വേവലാതിയുമില്ലാതെയിരുന്ന് സിനിമ കാണാം.

ഒരു പ്രതികാരകഥയുടെ പിരിമുറുക്കങ്ങളൊന്നുമില്ലാതെ കാണികൾക്ക് മാനസികാഹ്ലാദം നൽകുന്ന മറ്റൊരു കാര്യത്തിലേക്ക് ശ്രദ്ധതിരിക്കുന്നതിനാൽ സംവിധായകൻ വിജയിച്ചിട്ടുണ്ട്. ലൈംഗികവേഴ്ചയെക്കുറിച്ചുള്ള വിലകുറഞ്ഞ പരാമർശങ്ങളും ആംഗ്യവിക്ഷേപങ്ങളും കുത്തിനിറച്ചാണ് ഇതു സാധിച്ചിരിക്കുന്നത്. സിനിമയിൽ ഓക്കാനമുണ്ടാക്കും വിധത്തിൽ ആവർത്തിച്ചു പ്രയോഗിക്കുന്ന 'പ്രാണനാഥനെനിക്കു നൽകിയ...' എന്ന ഗാനം വയ്ക്കുമ്പോൾ ഉപകരണത്തിന്റെ പിഴവുമൂലം 'കൊങ്ക, കൊങ്ക' എന്ന പദം വീണ്ടും വീണ്ടും വരുന്നു. നമ്മൾ അശ്രദ്ധരായിക്കൊണ്ട് ഒരു പദം പോലും വിട്ടുപോകരുത് എന്ന് സംവിധായകന് നിർബന്ധം.

തിലകനെ വശീകരിക്കാൻവേണ്ടി മഞ്ജുവാര്യർ ഉപയോഗിക്കുന്ന പദപ്രയോഗങ്ങളും ആംഗ്യവിക്ഷേപങ്ങളും കഥയുടെ ആവശ്യത്തിനേക്കാൾ നമ്മൾ കാണികളെ ഇളക്കാനുദ്ദേശിച്ചിട്ടുള്ളതാണ്. കൊയ്ത്തുകാരികൾ യാതൊരു എതിർപ്പും കൂടാതെ ബിജുമേനോന് വശംവദരാകുന്ന ഭാഗങ്ങൾ പലതവണ കാണിക്കുന്നുണ്ട്. ലൈംഗികവേഴ്ചയ്ക്കുശേഷം ഒരുവളുടെ കമന്റ് - ഈയൊരവസരത്തിനുവേണ്ടി കാത്തിരിക്കുകയായിരുന്നുവെന്ന്. ഏതു കാലഘട്ടത്തിന്റെ കൊയ്ത്തുകാരികളാണ് ഇങ്ങനെ പറയുന്നത്? മറ്റേതൊരു തൊഴിൽമേഖലയേക്കാൾ പരമ്പരാഗത വിശ്വാസങ്ങൾ മുറുകെപിടിക്കുന്ന, അടിസ്ഥാനവർഗത്തിൽപ്പെട്ട കൊയ്ത്തുകാരികളെ ഒരു കൂട്ടം വേശ്യകളെപ്പോലെ ചിത്രീകരിച്ചിരിക്കുന്നത് എതിർക്കപ്പെടേണ്ടതാണ്.

ഈ സിനിമയിലെ മറ്റൊരു സ്ത്രീകഥാപാത്രം ബിജുമേനോന്റെ വെപ്പാട്ടിയായിരുന്നുവെങ്കിലും പിന്നീട് പശ്ചാത്താപത്താൽ അവനെ കൊല്ലാൻ വേണ്ടിയൊരുങ്ങി പരാജയപ്പെട്ട്, വധിക്കപ്പെട്ട റോസക്കുട്ടിയാണ്. ഈ സംഭവത്തിനുശേഷം മഞ്ജുവാര്യരും അവനെ വശീകരിക്കാനുള്ള ശ്രമങ്ങൾ നടത്തിത്തുടങ്ങുന്നു. നേരിട്ട് പുരുഷനെ എതിർക്കാൻ കഴിയുകയില്ലെന്നും വശീകരണം മാത്രമാണ് ഒരേയൊരു വഴിയെന്നുമാണോ സന്ദേശം?

മഞ്ജുവാര്യർക്കും മറ്റു കൊയ്ത്തുകാരികൾക്കുമെതിരേ സൃഷ്ടിച്ചിരിക്കുന്ന കഥാപാത്രമാണ് ബിജുമേനോന്റെ അമ്മ, അഥവാ തിലകന്റെ ഭാര്യ. പണ്ട് സിനിമകളിൽ കാണിക്കാറുള്ളതുപോലെ ഭർത്താവിന്റെയും മകന്റെയും വഴിവിട്ട പോക്കുകൾക്ക് ഇവർക്ക് ദുഃഖവുമില്ല എതിർപ്പുമില്ല. വളരെ സാധാരണമായ ഒരു കാര്യമെന്ന നിലയ്ക്ക് ഇതൊക്കെയനുഭവിക്കുന്ന അവർക്ക് ഒരഭ്യർത്ഥനയേ ഉള്ളൂ. അവരുടെ മുന്നിൽവച്ച് ഇതൊന്നും വേണ്ടായെന്ന് - സംവിധായകൻ ഇത്തരം സ്ത്രീകൾക്ക് സമൂഹത്തിൽ കല്പിച്ചിരിക്കുന്ന സ്ഥാനമിതാണ്.

ഈ സിനിമയിൽ മൂന്നു നായകന്മാരാണ്. വില്ലൻ എന്ന വേർതിരിവിന് ഇവിടെ പ്രസക്തിയില്ല. കാരണം, കൂടുതൽ പ്രാധാന്യം കൊടുത്തിരിക്കുന്നത് വില്ലന്മാരായ തിലകനും ബിജുമേനോനുമാണ്. മഞ്ജുവാര്യരുടെ കാമുകനെ തീർത്തും അവഗണിച്ചിരിക്കുന്നു. കാമുകിയുടെ മാനസികവ്യാപാരങ്ങളെക്കുറിച്ച് അജ്ഞനായിരിക്കുകയും സ്റ്റണ്ടുരംഗത്തിൽ പരാജയപ്പെടുകയും ചെയ്യുന്ന അബ്ബാസിന്റെ മൂസക്കുട്ടിയാണോ, കള്ളുകുടിയനും പെണ്ണുപിടിയനുമാണെങ്കിലും നായികയുടെ വാക്കുകളെ വിശ്വസിച്ച് ജീവിതരീതികൾ മാറ്റുന്ന കൊച്ചുമുതലാളി ബിജുമേനോനാണോ നായകൻ?

പ്രേക്ഷകർ പിന്തുണ പ്രഖ്യാപിച്ചിരിക്കുന്നത് തിലകനോടാണ്. തിലകനെക്കൊണ്ട് പറയിക്കുന്ന അശ്ലീലപദങ്ങൾക്കാണ് സിനിമയിൽ ഏറ്റവും പ്രാധാന്യം നൽകിയിരിക്കുന്നത്. ഇത്തരം പരാമർശങ്ങൾക്ക് പ്രേക്ഷകർ കൈയടിച്ച് പിന്തുണ നൽകുന്നു. വൈദ്യനുമായി കന്യകയുടെ സാന്നിധ്യം അസുഖം കുറയ്ക്കുന്നതിനെപ്പറ്റിയും 'പ്രാണനാഥനെനിക്കു നൽകിയ പരമാനന്ദത്തെ'പ്പറ്റി അറിഞ്ഞുകൊണ്ട് പാടണമെന്നുമെല്ലാം പറയുമ്പോൾ, പ്രേക്ഷകമനസ് തിലകനുമായി താദാത്മ്യം പ്രാപിക്കുന്നതായാണ് തിയേറ്ററുകളിൽ കാണുന്നത്. തൊഴിലാളിനേതാവായിരുന്ന മഞ്ജുവാര്യരുടെ പിതാവിനെ കൂലി കൂടുതൽ ചോദിച്ചതിനാണ് കൊല്ലിക്കുന്നതെങ്കിലും പ്രധാനകാരണം, അയാളുടെ ഭാര്യ ലൈംഗികവേഴ്ചയ്ക്ക് സമ്മതിക്കാത്തതുതന്നെ.

കടാക്ഷ ശാസ്ത്രം പഠിച്ച് നേടിയ കണ്ണുകളെക്കൊണ്ട് നോക്കിയും ശൃംഗാരരസങ്ങളായ പാട്ടുകൾ പാടിയും മഞ്ജുവാര്യർ അഭിനയത്തികവ് വീണ്ടുമൊരിക്കൽകൂടി തെളിയിക്കുന്നുണ്ട്.

പ്രേക്ഷകന്റെ വിലകുറഞ്ഞ അഭിരുചികളെ ആനന്ദിപ്പിക്കുന്നതിനും ഊട്ടിവളർത്തുന്നതിനും വേണ്ടി മാത്രം ഉപകരിക്കുന്ന ഈ സിനിമ, സമകാലിക മലയാളികളുടെ മനസിൽ സ്ത്രീകൾക്ക് കല്പിച്ചിരിക്കുന്ന ഭീകരമായ അവസ്ഥ വെളിവാക്കുന്നു.

– പി.കെ. ശോഭന